# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/234/2016 പത്രക്കുറിപ്പ് 2016 നവംബർ 2

**പരീക്ഷാ തീയതി**

അഫിലിയേറ്റഡ് കോളജുകളിലെ ഏഴാം സെമസ്റ്റർ ബി.എ (ക്രിമിനോളജി) എൽ.എൽ.ബി (ഓണേഴ്സ്) 2015ന് മുൻപുള്ള അഡ്മിഷൻ (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ നവംബർ 28ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ നവംബർ 9 വരെയും 50 രൂപ പിഴയോടെ 10 വരെയും 500 രൂപ സൂപ്പർഫൈനോടെ 15 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 100 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

**സൂക്ഷ്മപരിശോധനയ്ക്ക് എത്തണം**

2015 നവംബർ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥചശറ്റ നവംബർ 11-ാം തീയതിക്കുള്ളിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുമായി പരീക്ഷാ ഭവനിലെ ഇ.ജെ.2 സെക്ഷനിൽ എത്തണം.

**ത്രിദിന അന്തർദ്ദേശീയ കോൺഫറൻസ്**

മഹാത്മാ ഗാന്ധി സർവ്വകലാശാല ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി (ഐ.ഐ.യു.സി.എൻ.എൻ) യുടെ ആഭിമുഖ്യത്തിൽ അഡ്വാൻസ്ഡ് മെറ്റീരിയൽസ് ഫോർ പവർ എഞ്ചിനീയറിംഗ് എന്ന വിഷയത്തിൽ നവംബർ 11 മുതൽ ത്രിദിന അന്തർദ്ദേശീയ കോൺഫറൻസ് നടത്തുന്നു. പവർ എഞ്ചിനീയറിംഗ് മേഖലയിലെ നവീന പ്രവണതകൾ, സാധ്യതകൾ, വെല്ലുവിളികൾ എന്നിവയെ ആധാരമാക്കി നടത്തുന്ന കോൺഫറൻസിൽ ലോകപ്രശസ്തരായ 200 ശാത്രജ്ഞർ പങ്കെടുക്കും. പ്ലീനറി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, ലാബ് വിസിറ്റിംഗ്, പോസ്റ്റർ പ്രദർശനം എന്നിവ ഇതിനോടനുബന്ധിച്ച് ഉണ്ടാകും. ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും വ്യവസായികൾക്കും ആശയസംവാദത്തിന് വേദിയൊരുക്കുന്ന കോൺഫറൻസിൽ സുരേഷ് എസ് നരേൻ (കാനഡ), റ്റാനിയ ഫ്രോസ്റ്റർ കാർണിറോ (ബ്രസീൽ), യൂറി കാർബോവ് (റഷ്യ), അദീൻ മുസ്തഫ ഒമർ (യു.കെ) തുടങ്ങിയവർ പങ്കെടുക്കും. നവംബർ 11ന് രാവിലെ കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ ആരംഭിക്കുന്ന കോൺഫറൻസ് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ. സാബു തോമസ്, ഡോ.നന്ദകുമാർ കളരിക്കൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ 9747099541, ഇമെയിൽ power@macromol.in

**ലൈബ്രറി അസിസ്റ്റന്റ്, ഗസ്റ്റ് ലക്ചറർ: ഒഴിവ്**

എം.ജി സർവ്വകലാശാലയുടെ കീഴിൽ നെടുങ്കണ്ടത്ത് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷനിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ലൈബ്രറി അസിസ്റ്റന്റിനെയും, ഫുൾ ടൈം ഇന്റേണൽ ഗസ്റ്റ് ലക്ചറർമാരെയും നിയമിക്കുന്നു. ലൈബ്രറി അസിസ്റ്റന്റിന്റെ ഒരു ഒഴിവും (ലൈബ്രറി സയൻസി ബിരുദമോ ബിരുദാനന്തര ബിരുദമോ), ഇന്റേണൽ ഗസ്റ്റ് ലക്ചററുടെ (എം.എസ്.സി മെഡിക്കൽ സർജിക്കൽ നഴ്സിങ് സ്പെഷ്യാലിറ്റി) മൂന്ന് ഒഴിവുകളുമാണുള്ളത്. നിയമനം ആഗ്രഹിക്കുന്നവർ നവംബർ 16ന് രാവിലെ 10 മണിക്ക് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളുമായി നെടുങ്കണ്ടം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് കോളജ് പ്രിൻസിപ്പാൾ മൂൻപാകെ വാക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം. ഫോൺ 04868-234110.

ഇടമലക്കുടിയിൽ പ്രഥമ വയനശാല ആരംഭിച്ചു

കേരളാ സംസ്ഥാന വനം വന്യ ജീവിവകുപ്പ്, എം ജി സർവകലാശാല ലൈഫ് ലോങ്ങ് ലേണിംഗ് പഠനവകുപ്പ്, നാഷണൽ സർവീസ് സ്കീം ക്യാമ്പസ് യൂണിറ്റ്, പൂർവ്വവിദ്യർഥി സംഘടന എന്നിവയുടെ ആഭിമുഖ്യത്തിൽ ഇടമലക്കുടിയിൽ കേരളപ്പിറവി ദിനമായ ഇന്നലെ പ്രഥമ വായനശാലയ്ക്ക് തുടക്കം കുറിച്ചു.
പഞ്ചായത്തു മെമ്പർ അമരാവതിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാണിമാരായ ദേവേന്ദ്രൻ, ചിന്നതമ്പി എന്നിവർ കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തുകൊണ്ട് വയനശാലയ്ക്ക് തുടക്കമിട്ടു. എം ജി. സർവ്വകലാശാല ലൈഫ് ലോങ് ലേണിംഗ് അലുമിനി പ്രസിഡന്റ് ജി. ശ്രീകുമാർ, മൂന്നാർ റെയ്ഞ്ച് പോറസ്റ്റ് ഓഫീസർ പി.പി.അനിൽകുമാർ, വനം വകുപ്പ് ഉദ്യോഗസ്ഥരായ ആർ. സുരാജ്, എം. രമേശ്, കെ .ആർ ഷനോജ്, ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരായ മധു, ഫക്രുദീൻ, ട്രൈബൽ സ്കൂൾ ഹെഡ്മാസ്റ്റർ മോഹനദാസ് , സുധീഷ് , ട്രൈബൽ പ്രമോട്ടർ രമണി തുടങ്ങിയവർ സംസാരിച്ചു

## അടിക്കുറിപ്പ്

കേരളാ സംസ്ഥാന വനം വന്യ ജീവിവകുപ്പ്, എം ജി സർവകലാശാല ലൈഫ് ലോങ്ങ് ലേണിംഗ് പഠനവകുപ്പ്, നാഷണൽ സർവീസ് സ്കീം ക്യാമ്പസ് യൂണിറ്റ്, പൂർവ്വവിദ്യർഥി സംഘടന എന്നിവയുടെ ആഭിമുഖ്യത്തിൽ ഇടമലക്കുടിയിൽ കേരളപ്പിറവി ദിനമായ ഇന്നലെ പ്രഥമ വായനശാലയ്ക്ക് തുടക്കമിട്ടപ്പോൾ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**